അതുപോലെ ഉപഭോക്താക്കൾക്ക് പുതിയ കണക്ഷൻ എടുക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ സെക്ഷൻ ഓഫീസിലേക്ക് മാറ്റിയിട്ടുണ്ട്. ഇതിലെ പോരായ്മകൾ പരിഹരിച്ച് കൂടുതൽ കണക്ഷനുകൾ നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

വെള്ളക്കരം കുടിശ്ശിക സംബന്ധിച്ച് പരാതികൾ വേഗത്തിൽ തീർപ്പാക്കുന്നതിന് കേരള വാട്ടർ അതോറിറ്റി അദാലത്തുകൾ സംഘടിപ്പിക്കുന്നതാണ്.

ജലവിതരണവും സ്വീവറേജും സംബന്ധിച്ച് പരാതികൾ വേഗത്തിൽ തീർപ്പാക്കുന്നതിലേയ്ക്കായി നിലവിലുള്ള ടോൾഫ്രീ നമ്പർ സംവിധാനം കൂടുതൽ വ്യാപിപ്പിക്കുന്നതാണ്.

തൃശ്ശൂർ - കുന്നംകുളം നിയോജകമണ്ഡലത്തിലെ വാട്ടർ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ

201(4487) <u>ശ്രീ. ബാബു എം. പാലിശ്ശേരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ - കുന്നംകുളം നിയോജകമണ്ഡലം, വാട്ടർ അതോറിറ്റിയുടെ കുന്നംകുളം- ഗുരുവായൂർ ശുദ്ധജലവിതരണ പദ്ധതിയുടെ ഭാഗമായിട്ടുള്ള പാറേമ്പാടം മുതൽ കുന്നകുളം YMCA വരെയുള്ള റോഡിനടിയിലെ കാലപഴക്കം ചെന്ന പ്രീമോ പൈപ്പ് മാറ്റി ഇടുന്നതിന് ജലവിഭവ വകുപ്പ് നൽകിയ 3.16 കോടി രൂപയുടെ ഭരണാനുമതിയ്ക്കുശേഷം, പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആവശ്യമായ എന്തെല്ലാം നടപടികളാണ് വാട്ടർ അതോറിറ്റി സ്വീകരിച്ചിട്ടുള്ളത്;

(ബി) കാലപഴക്കത്താലും, ഹെവി ട്രാഫിക്ക് മൂലവും റോഡിനടിയിലെ പൈപ്പ് പൊട്ടി ശുദ്ധജലക്ഷാമവും, റോഡ് തകർന്ന് ഗതാഗത തടസ്സവും, അപകടങ്ങളും ഇടയ്ക്കിടയ്ക്ക് ഉണ്ടാകുന്നത് കണക്കിലെടുത്ത് പൈപ്പ് മാറ്റിയിടുന്ന പ്രവൃത്തി യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) കുന്നംകുളം-ഗുരുവായൂർ ശുദ്ധജല വിതരണ പദ്ധതിയുടെ കാലപ്പഴക്കം മൂലം കേടുവന്ന 2560 മീറ്റർ പ്രീമോ പൈപ്പ് മാറ്റിസ്ഥാപിക്കുന്നതിനുള്ള വർക്കിംഗ് എസ്റ്റിമേറ്റ് വാട്ടർ അതോറിറ്റി തയ്യാറാക്കിവരുന്നു.

2015 മേയ് മാസത്തിനുമുമ്പ് പൈപ്പ് മാറ്റിയിടുന്ന പ്രവൃത്തി പൂർത്തീകരിക്കാൻ ഉദ്ദേശിച്ചുകൊണ്ടാണ് നടപടി സ്വീകരിച്ചുവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly